"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡിഎ1/308/2023-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 07-01-2024

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - വിദ്യാർത്ഥികൾക്കിടയിലെ മയക്കമരുന്ന് ഉപയോഗം തടയുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ജനജാഗ്രതാ സമിതികൾ രൂപീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. സ.ഉ.(കൈ) നം.84/2022/തസ്വഭവ, തീയതി 19.04.2022
2. സ.ഉ.(കൈ) നം.86/2022/തസ്വഭവ, തീയതി 19.04.2022
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 23.07.2023ലെ LSGD/PD/47817/2023-EMP4 നമ്പർ കത്ത്.

**********************

സാമൂഹ്യതിന്മകളെ നിരുത്സാഹപ്പെടുത്തുന്നതിനും മദ്യം, മയക്കമരുന്ന് ഉൾപ്പടെയുള്ള ലഹരി ഉപയോഗ വിപത്തുകൾക്കെതിരെയും എല്ലാ വിഭാഗക്കാരുടെയും, പ്രത്യേകിച്ച് കുട്ടികളുടെ/വിദ്യാർത്ഥികളുടെ ഇടയിൽ ബോധവൽക്കരണം നടത്തുന്നത് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ പെടുന്നതും അതിനായി അനുയോജ്യമായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുള്ളതുമാണ്.

വിദ്യാർത്ഥികൾക്കിടയിലുള്ള മയക്കമരുന്ന് ഉപയോഗവും അതിന്റെ വിപത്തും വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ, ഇതിനെതിരെ കുട്ടികൾക്കിടയിൽ അവബോധം ഉണ്ടാക്കുന്നതിനും മയക്ക് മരുന്ന് ഉപയോഗിക്കുന്നതിനുള്ള സാഹചര്യങ്ങൾ/ ലഭ്യത തടയുന്നതിനും മയക്കമരുന്ന് ദുരുപയോഗത്തിന്റെ ഭീഷണി നേരിടുന്നതിന് സ്കൂളുകൾ, കുടുംബങ്ങൾ, സമൂഹം എന്നീ തലങ്ങൾ തമ്മിൽ അത്യന്താപേക്ഷിതമായ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുമായി തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ചുവടെയുള്ള രീതിയിൽ അംഗങ്ങളെ ചേർത്ത് ജനജാഗ്രതാ സമിതികൾ രൂപീകരിയ്ക്കുന്നതിന് നിർദ്ദേശം പുറപ്പെടുവിക്കുന്നു. വിദ്യാത്ഥികൾ, തദ്ദേശ സ്ഥാപന പ്രതിനിധികൾ, പ്രാദേശിക നീതി നിർവ്വഹണ ഘടകങ്ങൾ, ചൈൽഡ് കൗൺസിലർ ഉൾപ്പടെയുള്ള ആരോഗ്യ മേഖല വിദഗ്ധർ, സ്കൂൾ പ്രതിനിധികൾ, രക്ഷാകർത്താക്കൾ എന്നിവർ അടങ്ങുന്ന ഈ സമിതി മാസംതോറും ചേർന്ന് സാഹചര്യങ്ങൾ അവലോകനം ചെയ്ത് വിലയിരുത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

- ചെയർമാൻ - മുനിസിപ്പൽ ചെയർമാൻ/ പഞ്ചായത്ത് പ്രസിഡന്റ്
- കൺവീനർ - തദ്ദേശ സ്ഥാപനത്തിന്റെ ചുമതലയുള്ള എക്സൈസ് ഇൻസ്പെക്ടർ
- തദ്ദേശ സ്ഥാപനതലത്തിലെ ബന്ധപ്പെട്ട സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ - അംഗം

- ബന്ധപ്പെട്ട പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർ - അംഗം
- തദ്ദേശ സ്ഥാപനതല പരിധിയിൽ വരുന്ന പി.എച്ച്.സി / സി.എച്ച്.സി മെഡിക്കൽ ഓഫീസർ - അംഗം
- ചൈൽഡ് കൗൺസിലർ - അംഗം
- തദ്ദേശസ്ഥാപന പരിധിയിൽ വരുന്ന ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽ - അംഗം
- തദ്ദേശസ്ഥാപന പരിധിയിൽ വരുന്ന എച്ച്.എസ്സ്/ യൂ.പി /എൽ.പി സ്കൂൾ ഹെഡ് മാസ്റ്റർ (ഗവൺമെന്റ്/ പ്രൈവറ്റ്) - അംഗം
- സ്കൂൾ പി.റ്റി.എ./ മദേർസ് പി.റ്റി.എ. പ്രതിനിധികൾ - അംഗങ്ങൾ
- വിദ്യാർത്ഥി പ്രതിനിധികൾ - അംഗങ്ങൾ
- പൊതു പ്രവർത്തകർ (3 പേർ) - അംഗങ്ങൾ

ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
4. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
5. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
6. ഡയറക്ടർ-അറബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ, ആരോഗ്യ വകുപ്പ്
8. ഡയറക്ടർ, പൊതു വിദ്യാഭ്യാസ വകുപ്പ്
9. സംസ്ഥാന പോലീസ് മേധാവി
10. എക്സൈസ് കമ്മീഷണർ
11. എല്ലാ ജില്ലാകളക്ടർമാർക്കും
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
14. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
15. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
16. ഡയറക്ടർ ജനറൽ, കില
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
19. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
20. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 10-01-2024 15:02:15